# നീരയിൽനിന്ന് പഞ്ചസാര: അബ്കാരി നിയമം തടസ്സമാകുന്നു

സ്വന്തം ലേഖകൻ

**കോഴിക്കോട്:** നീരയിൽനിന്ന് പഞ്ചസാര നിർമിക്കാൻ അബ്കാരിനിയമങ്ങൾ തടസ്സമാകുന്നു. മറ്റു രാജ്യങ്ങൾ നീരയിൽനിന്ന് പഞ്ചസാര നിർമിച്ച് കോടികളുടെ വിദേശനാണ്യം നേടുമ്പോഴാണ് കേരളത്തിൽ ഈ അവസ്ഥയുള്ളതെന്ന് നാളികേരവികസനബോർഡ് ചെയർമാൻ ടി.കെ. ജോസ് പറഞ്ഞു.

പ്രമേഹരോഗികൾക്കും ഉപയോഗിക്കാവുന്നതാണ് നീരയിൽനിന്നുള്ള പഞ്ചസാര. അമേരിക്കൻവിപണിയിൽ ഒരു കിലോ പഞ്ചസാരയ്ക്ക് പത്തുമുതൽ 22 ഡോളർവരെ വിലയുണ്ട്. ഇൻഡൊനീഷ്യയാണ് നീരയിൽനിന്ന് പഞ്ചസാരയുണ്ടാക്കുന്ന രാജ്യങ്ങളിൽ മുന്നിലുള്ളത്.

ഫിലിപ്പീൻസ്, തായ്‌ലൻഡ്, മലേഷ്യ, വിയറ്റ്നാം തുടങ്ങിയ രാജ്യങ്ങളും വൻതോതിൽ ഈ മേഖല പ്രയോജനപ്പെടുത്തുന്നുണ്ട്. കൃത്രിമത്വം ഒട്ടുമില്ലാത്തതിനാൽത്തന്നെ നീരയിൽനിന്നുള്ള പഞ്ചസാരയ്ക്ക് ആവശ്യക്കാർ ഏറുകയാണെന്ന് ജോസ് പറഞ്ഞു.

നീരയെ 'മദ്യ'മായി കാണുന്നതാണ് കേരളത്തിൽ ഇത്തരത്തിലുള്ള പഞ്ചസാര ഉത്പാദനത്തിനുള്ള പ്രധാന തടസ്സം. നീര ഉത്പാദിപ്പിക്കാൻ കർഷകർക്ക് അനുവാദവുമില്ല.

നീരയിൽനിന്ന് പഞ്ചസാര ഉത്പാദിപ്പിക്കാൻ കാർഷികസർവകലാശാലയും പ്രതിരോധ ഭക്ഷ്യ ഗവേഷണകേന്ദ്രവും നാളികേര വികസന ബോർഡുമെല്ലാം പദ്ധതികൾ തയ്യാറാക്കിയെങ്കിലും അബ്കാരിനിയമങ്ങൾ തടസ്സമാവുകയാണ്.